പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1548 — 31.01.2018 ൽ മറുപടിയ്ക്ക്

**"ഗുണനിലവാരം കുറഞ്ഞ പഴം, പച്ചക്കറി വില്പനക്കാർക്കെതിരെ നടപടി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി ജോർജ്ജ് | ശ്രീ. വി.എസ് സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നതുമായ പച്ചക്കറി, പഴവർഗ്ഗങ്ങൾ നിത്യോപയോഗ സാധനങ്ങൾ എന്നിവ വിഷമയവും; ഗുണനിലവാരം വളരെ കുറഞ്ഞവയായതിനാലും ഇതിനെതിരെ നടപടി സ്വീകരിക്കാൻ നിലവിലെ സർക്കാർ സംവിധാനം അപര്യാപ്തമായതിനാലും കൂടുതൽ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; | (എ) യും (ബി) യും (സി) യും ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ഉൾപ്പടെ ചെക്ക് പോസ്റ്റുകളിൽ നിന്നും സംസ്ഥാനത്തെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. പരിശോധനാ ഫലങ്ങളെ അടിസ്ഥാനമാക്കി സുരക്ഷിത ഇനങ്ങൾ ഏതൊക്കെയെന്ന് മാധ്യമങ്ങളിലൂടെയും കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിലും യഥാസമയം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിഷാംശമുള്ള പച്ചക്കറികളിൽ ഫുഡ് സേഫ്റ്റി നിയമം നിഷ്കർഷിക്കുന്ന പരിധിയ്ക്ക് മുകളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുകയാണെങ്കിൽ അത്തരം പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെ 2006 ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരം നിയമനടപടി സ്വീകരിക്കുന്നതിലേക്ക് പരിശോധനാ ഫലം ഭക്ഷ്യസുരക്ഷാവകുപ്പിന് കൈമാറുകയും ചെയ്യുന്നു. പച്ചക്കറികളിലെ വിഷാംശം കുറച്ച് ഭക്ഷ്യയോഗ്യമാക്കുന്നതിനുള്ള 'ഭക്ഷ്യസുരക്ഷിത പാക്കേജ്' സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. പുതിയ നിയമം ആവശ്യമാണോ എന്ന് പരിശോധിക്കുന്നതാണ്. |
| (ബി) വിഷമയമായ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കേരള സമൂഹം നിത്യേന ഉപയോഗിക്കുന്നതു മൂലം, ജനങ്ങൾ പലവിധത്തിലുള്ള മാറാരോഗങ്ങൾക്ക് അടിമയായി ദുരിതം അനുഭവിക്കുന്നതിനാൽ ടി മായം ചേർത്ത പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ വില്ക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ; | |
| (സി) കടുത്ത നടപടി സ്വീകരിച്ച് ഇവരെ ശിക്ഷിക്കാൻ പുതിയനിയമം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ